# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1114 20/01/2014 ൽ മറുപടിക്ക്

### ഓപ്പൺ സ്കൂളുകളിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>,, ആർ. രാജേഷ്<br>ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) എസ്. സി. ഇ. ആർ. ടി.ക്ക് കീഴിലുള്ള ഓപ്പൺ സ്കൂളിന്റെ പ്രവർത്തനം പ്രതിസന്ധിയിലായ കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതിസന്ധി പരിഹ രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | എ) ഓപ്പൺ സ്കൂളിന്റെ പ്രവർത്തനം പ്രതിസന്ധിയിലായിട്ടില്ല |
| ബി) ഓപ്പൺ സ്കൂളിൽ വർഷങ്ങളായി ജോലി ചെയ്യുന്ന ജീവനക്കാരെ പിരിച്ചുവിടുക യുണ്ടായോ; എങ്കിൽ എത്ര ജീവന ക്കാരെയാണ് ഇതിനകം പിരിച്ചുവി ട്ടിട്ടുള്ളതെന്ന് വെളിപ്പെടു ത്താമോ; | ബി) ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാവുകയും പിന്നീട് കരാർ നിയമനമാക്കി നൽകുകയും ചെയ്ത ജീവനക്കാരുടെ നിയമന കരാർ കാലാവധി അവസാനിച്ചതിനെത്തുടർന്ന് 65 ജീവനക്കാരുടെ സേവനം അവസാനിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) പരിചയ സമ്പന്നരായ ജീവനക്കാരുടെ അഭാവം കാരണം ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ബുദ്ധിമുട്ട് നേരിടുക യാണെന്ന കാര്യം അറിവുള്ളതാണോ; | (സി) സർക്കാർ / അർദ്ധസർക്കാർ ഓഫീസുകളിൽ താൽക്കാലിക നിയമനങ്ങൾ നടത്തുന്നത് ദൈനംദിന ഓഫീസ് കാര്യങ്ങൾ നിർവഹിക്കു ന്നതിനാണ്. തികച്ചും താത്കാലിക നിയമനങ്ങൾ കരാർ ഉടമ്പടി പ്രകാരം അവസാനിക്കുമെന്നതിനാൽ സ്ഥാപന ത്തിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തി യിരുന്നു. |
| (ഡി) നിയമാനുസൃതം നിയമനം ലഭി ച്ചതും ദീർഘകാലം സേവനമനുഷ്ഠി ച്ചവരുമായ ജീവനക്കാരെ കൂട്ട ത്തോടെ പിരിച്ചുവിടാനുണ്ടായ കാരണം വ്യക്തമാക്കാമോ; | (ഡി) തികച്ചും ദിവസവേതനാടിസ്ഥാന ത്തിലാണ് നിയമനം നൽകിയിട്ടുള്ളത്. നിയമനം താൽക്കാലി കവുമാണ്. കരാർ കാലാവധി പൂർത്തിയായതി നെത്തുടർന്ന് സേവനം അവസാനിപ്പിച്ചു. |

| | | | |
|---|---|---|---|
| (ഇ) | ജീവനക്കാരെ പിരിച്ചുവിട്ട നടപടി ലക്ഷക്കണക്കിന് വരുന്ന ഓപ്പൺ സ്കൂൾ വിദ്യാർത്ഥികളുടെ തുടർപഠനത്തെ പ്രതിസന്ധിയിലാക്കിയിട്ടുള്ള കാര്യം അറിവുള്ളതാണോ; | (ഇ) | ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ തുടർ പഠനത്തിന് യാതൊരു പ്രതിസന്ധിയും ഉണ്ടായിട്ടില്ല. |
| (എഫ്) | ഓപ്പൺ സ്കൂൾ അധികൃതരുടെ ഈ നടപടി പുന: പരിശോധിക്കുന്നതിനും പിരിച്ചുവിടപ്പെട്ട ജീവനക്കാരെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിനും സത്വരനടപടി സ്വീകരിക്കുമോ? | (എഫ്) | 18/11/2013 ന് കരാർ കാലാവധി തീരുന്നതിന് മുമ്പ് ജീവനക്കാരിൽ ചിലർ ബഹു.ഹൈക്കോടതിയിൽ നിയമന ക്കരാർ നീട്ടിനൽകുന്നതിന് കേസ് ഫയൽ ചെയ്തിരുന്നു. മേൽ കേസിൽ അന്യായക്കാർക്ക് കരാർ കാലാവധി അവസാനിക്കുന്നതിനാൽ ജോലിയിൽ തുടരാൻ നിയമപരമായി അവകാശമില്ലായെന്ന് ബഹു.ഹൈ ക്കോടതി വിധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻപരിചയമുള്ള ഓപ്പൺ സ്കൂൾ / എസ്.സി.ഇ.ആർ.ടി ജീവനക്കാരിൽ നിന്നും ദിവസവേതനത്തിന് അപേക്ഷ ക്ഷണിച്ച് താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. എന്നാൽ കേസ് ഫയൽ ചെയ്ത ജീവനക്കാരിൽ ചിലർ നിയമാനുസൃതമായ അപേക്ഷകൾ സമർപ്പിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ